# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSA IDK 10/730/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 08/09/2021
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വെള്ളിയാമറ്റം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെള്ളിയാമറ്റം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA IDK 10/730/2021 തീയ്യതി: 08/09/2021

## ഇടുക്കി ജില്ലയിലെ വെള്ളിയാമറ്റം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ വെള്ളിയാമറ്റം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 23-09-2019 മുതൽ 25-07-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 8 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ബീനാകുമാരി സി.ആർ. | ഡെപ്യൂട്ടി ഡയറക്ടർ | 12-07-2021 | 03-08-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 26-07-2021 | 03-08-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.സുസനിയാമ്മ തോമസ്,ഓഡിറ്റ് ഓഫീസർ
ശ്രീ.സജിമോൻ വി.ജി,ഓഡിറ്റ് ഓഫീസർ
ശ്രീമതി.മരുൺ മാത്യു,അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി.അനീറ്റ പി.സാമുവൽ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.ബെന്നി മാത്യു സീനി.ഗ്രേഡ് ഓഡിറ്റർ
ശ്രീ.എബി എബ്രഹാം സീനി.ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.മായ കൃഷ്ണൻ ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഷീബ രാജശേഖരൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.പി.എം.അബ്ദുൾ സമദ് | സെക്രട്ടറി | 01-04-2019 | 31-03-2020 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ആദർശ് പി.ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ഡോ.മിഥുൻ കെ.എക്സ് | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 01-04-2019 | 04-02-2020 |
| ഡോ.രാഹുൽ രാഘവൻ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 05-02-2020 | 31-03-2020 |
| ഡോ.ജിൻസി ജോസഫ് | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ.നിഷമോൾ | ആയൂർവ്വേദം,മെഡിക്കൽ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ.ശരത്ത് സി.എം | വി.ഇ.ഓ | 01-04-2019 | 31-03-2020 |
| ഡോ.രേഷ്മ ദത്ത് | ഹോമിയോ,മെഡിക്കൽ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി.അശ്വതി ദേവ് | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി അലീന ജോർജ് | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ.എം.ഒ പൗലോസ് | ഹെഡ്മാസ്ററർ | 01-04-2019 | 15-10-2019 |
| ശ്രീ.സജി കെ.എസ് | ഹെഡ്മാസ്ററർ | 16-10-2019 | 31-03-2020 |
| ശ്രീ.സുധീഷ് | ഡയറി എക്സറ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Marun Mathew (Asst. Audit Officer, On 30-07-2021)<br>Last Updated By: Sajitha K. (Computer Assistant, On 27-08-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Susaniamma Thomas (Audit Officer, On 29-07-2021)<br>Last Updated By: Sajitha K. (Computer Assistant, On 27-08-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Marun Mathew (Asst. Audit Officer, On 26-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 04-08-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Marun Mathew (Asst. Audit Officer, On 02-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 27-08-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Susaniamma Thomas (Audit Officer, On 31-07-2021)<br>Last Updated By: Sajitha K. (Computer Assistant, On 27-08-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Susaniamma Thomas (Audit Officer, On 02-08-2021)<br>Last Updated By: V G Sajimon (Audit Officer, On 16-08-2021) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Susaniamma Thomas (Audit Officer, On 29-07-2021)<br>Last Updated By: V G Sajimon (Audit Officer, On 16-08-2021) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Susaniamma Thomas (Audit Officer, On 28-07-2021)<br>Last Updated By: V G Sajimon (Audit Officer, On 16-08-2021) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: Susaniamma Thomas (Audit Officer, On 01-08-2021)<br>Last Updated By: V G Sajimon (Audit Officer, On 16-08-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം<br>Written By: Susaniamma Thomas (Audit Officer, On 29-07-2021)<br>Last Updated By: V G Sajimon (Audit Officer, On 16-08-2021) | 1-10 |
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: Maya Krishnan (Auditor, On 02-08-2021)<br>Last Updated By: V G Sajimon (Audit Officer, On 16-08-2021) | 1-11 |
| 12 | ഇൗ-ടെൻഡർ ഫോം വില, നിരതദ്രവ്യം എന്നിവ ഗ്രാമപഞ്ചായത്തിന് കൈമാറി ലഭിച്ചിട്ടില്ല<br>Written By: V G Sajimon (Audit Officer, On 03-08-2021)<br>Last Updated By: V G Sajimon (Audit Officer, On 16-08-2021) | 1-12 |
| 13 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-ജീവനക്കാർക്ക് തനത് ഫണ്ടിൽ നിന്നും നൽകിയ തുക ക്രമീകരിച്ചിട്ടില്ല<br>Written By: Anitta P Samuel (Asst. Audit Officer, On 31-07-2021)<br>Last Updated By: V G Sajimon (Audit Officer, On 16-08-2021) | 1-13 |
| 14 | എച്ച്.എം.സി. - വാർഷിക കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല<br>Written By: Susaniamma Thomas (Audit Officer, On 31-07-2021)<br>Last Updated By: V G Sajimon (Audit Officer, On 16-08-2021) | 1-14 |
| 15 | മോണിട്ടറിംഗ് സമിതികൾ നിർജ്ജീവം<br>Written By: Susaniamma Thomas (Audit Officer, On 02-08-2021)<br>Last Updated By: V G Sajimon (Audit Officer, On 16-08-2021) | 1-15 |
| 16 | വാർഷിക പ്രൊക്യുയർമെന്റ് പ്ലാനിംഗ് നടത്തിയില്ല<br>Written By: Susaniamma Thomas (Audit Officer, On 03-08-2021)<br>Last Updated By: V G Sajimon (Audit Officer, On 16-08-2021) | 1-16 |
| 17 | രജിസ്റ്ററുകളുടെ സൂക്ഷിപ്പ്<br>Written By: Susaniamma Thomas (Audit Officer, On 03-08-2021)<br>Last Updated By: V G Sajimon (Audit Officer, On 16-08-2021) | 1-17 |
| 18 | ദുരിതാശ്വാസ നിധി പ്രവർത്തനം കാര്യക്ഷമമല്ല<br>Written By: Susaniamma Thomas (Audit Officer, On 01-08-2021)<br>Last Updated By: V G Sajimon (Audit Officer, On 16-08-2021) | 1-18 |
| 19 | ഗ്രാമസഭ<br>Written By: Susaniamma Thomas (Audit Officer, On 03-08-2021)<br>Last Updated By: V G Sajimon (Audit Officer, On 16-08-2021) | 1-19 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |

| | | |
|---|---|---|
| ഭാഗം 4 | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Susaniamma Thomas (Audit Officer, On 26-07-2021)<br>Last Updated By: V G Sajimon (Audit Officer, On 16-08-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Susaniamma Thomas (Audit Officer, On 28-07-2021)<br>Last Updated By: V G Sajimon (Audit Officer, On 16-08-2021) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Susaniamma Thomas (Audit Officer, On 31-07-2021)<br>Last Updated By: V G Sajimon (Audit Officer, On 16-08-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Susaniamma Thomas (Audit Officer, On 26-07-2021)<br>Last Updated By: V G Sajimon (Audit Officer, On 16-08-2021) | 4-4 |
| 5 | വായ്പ/വായ്പാതിരിച്ചടവ്<br>Written By: Susaniamma Thomas (Audit Officer, On 26-07-2021)<br>Last Updated By: V G Sajimon (Audit Officer, On 16-08-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Susaniamma Thomas (Audit Officer, On 26-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 26-07-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Susaniamma Thomas (Audit Officer, On 31-07-2021)<br>Last Updated By: V G Sajimon (Audit Officer, On 16-08-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Susaniamma Thomas (Audit Officer, On 26-07-2021)<br>Last Updated By: V G Sajimon (Audit Officer, On 16-08-2021) | 4-8 |
| 9 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Susaniamma Thomas (Audit Officer, On 26-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 04-08-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Susaniamma Thomas (Audit Officer, On 28-07-2021)<br>Last Updated By: V G Sajimon (Audit Officer, On 16-08-2021) | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Susaniamma Thomas (Audit Officer, On 26-07-2021)<br>Last Updated By: V G Sajimon (Audit Officer, On 16-08-2021) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

സ്ഥാപനത്തിന്റെ ഓഡിറ്റ് വർഷത്തെ ബജറ്റ് 15.02.2019 ലെ 1(1) നം തീരുമാന പ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്.

സ്ഥാപനത്തിന്റെ പുതുക്കിയ ബജറ്റ് 24.02.20 ലെ 1(1) നം തീരുമാന പ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്.

നികുതി ഇനങ്ങളുടെ വരവ് സംബന്ധിച്ച ബജറ്റ് എസ്റ്റിമേറ്റ്

സ്ഥാപനത്തിന്റെ നികുതി ഇനങ്ങളുടെ വരവ് സംബന്ധിച്ച ബജറ്റ് എസ്റ്റിമേറ്റിന്റേയും യഥാരത്തിലുള്ളതിന്റേയും വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| ഇനം | 2019-20 പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ് | യഥാർത്ഥ വരുമാനം (ഇൻകം സ്റ്റേറ്റുമെന്റ് പ്രകാരം) | വ്യതിയാനം |
|---|---|---|---|
| വസ്തു നികുതി | 2000000 | 1867975 | 132025 |
| തൊഴിൽ നികുതി | 1000000 | 930140 | 69860 |
| ആകെ | 3000000 | 2798115 | |

റവന്യൂ ചെലവ് സംബന്ധിച്ച ബജറ്റ് എസ്റ്റിമേറ്റ്

| ഇനം | 2019-20 പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ് | യഥാർത്ഥ ചെലവ് (ഇൻകം സ്റ്റേറ്റുമെന്റ് പ്രകാരം) | വ്യതിയാനം |
|---|---|---|---|
| ജീവനക്കാര്യത്തിലേക്കുള്ള ചെലവുകൾ | 9269000 | 9176192 | 92808 |
| ഭരണ ചെലവുകൾ | 1787000 | 1193431 | 593569 |
| സംരക്ഷണവും നടത്തിപ്പും | 1669250 | 1664125 | 5125 |
| പലിശ അനുബന്ധ ചെലവുകൾ | 29100 | 28993 | 107 |
| ആകെ അനിവാര്യ ചെലവുകൾ | 12180150 | 12062741 | 117409 |

ആകെ അനിവാര്യചെലവുകൾ ബജറ്റിൽ വകയിരുത്തിയ തുകയേക്കാൾ ₹117409 അധികരിച്ചതായി കാണുന്നു. കേരള പഞ്ചായത്ത് രാജ് നിയമവും ചട്ടങ്ങളും 214(1) 6 പ്രകാരം അനിവാര്യമായ അടിയന്തിര സാഹചര്യങ്ങളിലൊഴികെ ചെലവ് ചെയ്യുന്ന സമയത്ത് പ്രാബല്യത്തിലുള്ളതായ ബജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഒരു തുകയും ചെലവാക്കുവാൻ പാടില്ലാത്തതാണ്. ബജറ്റ് തയ്യാറാക്കിയതിലെ അപാകതയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. സ്ഥാപനത്തിന്റെ ഒരു വർഷത്തെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്ന ആധികാരികരേഖയെന്ന നിലയിൽ ബജറ്റ് തയ്യാറാക്കുമ്പോൾ സ്ഥാപനം കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ | അപാകത പരിഹരിച്ച് |
|---|---|---|---|

| | | തിരിച്ചയച്ച തീയതി | ലഭിച്ച തീയതി |
|---|---|---|---|
| 31.07.20 | 01.07.2020 | | |

1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 31810349 |
| വരവ് | 69744902 |
| ആകെ | 101555251 |
| ചെലവ് | 71606444 |
| നീക്കിയിരിപ്പ്- | 29948807 |

1-4 ഫണ്ട് വിനിയോഗം

| ഇനം | മുൻബാക്കി ₹ | തൻവർഷ വരവ് ₹ | ആകെ ₹ | ചെലവ് | നിക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് – ജനറൽ (ACR പ്രകാരം) | - | 14081412 | 14081412 | 11081701 | 2999711 |
| വികസന ഫണ്ട് – എസ്.സി.പി (ACR പ്രകാരം) | | 3084831 | 3084831 | 2721000 | 363831 |
| വികസന ഫണ്ട് – ടി.എസ്.പി (ACR പ്രകാരം) | | 12692399 | 12692399 | 11045284 | 1647115 |
| മെയിന്റനൻസ് -റോഡ് (ACR പ്രകാരം) | - | 4832000 | 4832000 | 4310836 | 521164 |
| മെയിന്റനൻസ് - നോൺറോഡ് (ACR പ്രകാരം) | | 3603000 | 3603000 | 2181154 | 1421846 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 9595365 | 9595365 | 4066079 | 5529286 |
| സാക്ഷരത | 458 | 2 | 460 | 460 | . |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 28173126 | 28173126 | 28173126 | . |
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 103094 | 4862429 | 4965523 | 4957992 | 7531 |
| **കേന്ദ്രാവിഷ്കൃത ഫണ്ടുകൾ** | | | | | |
| ഐ.സി.ഡി.എസ്. | 1171114 | 654396 | 1825510 | 786080 | 1039430 |
| **സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ** | | | | | |
| ശുചിത്വ മിഷൻ | 2054030 | 684569 | 2738599 | 539350 | 2199249 |
| കോർപ്പസ് ഫണ്ട് | 4050000 | - | 4050000 | 1338187 | 2711813 |
| വെസ്റ്റേൺ ഗാട്ട് | 11720 | 39 | 11759 | 11759 | |
| രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി | 11820 | - | 11820 | | 11820 |
| കലുങ്ക് നിർമ്മാണ പദ്ധതി– എസ്.റ്റി. | 4450000 | - | 4450000 | 983128 | 3466872 |
| എം എൽ എ ഫണ്ട് | . | 338660 | 338660 | 338660 | . |
| ജലനിധി | 1621514 | 997224 | 2618738 | 1521853 | 1096885 |
| ജോയിന്റ് വെഞ്ചർ ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ട് | 1050808 | 4479814 | 5530622 | 2855964 | 2674658 |
| ജില്ലാപഞ്ചായത്ത് | 71969 | - | 71969 | - | 71969 |

| | | | | | |
|---|---|---|---|---|---|
| വിമുക്തി | 7055 | - | 7055 | 7055 | |
| പ്രളയ ദുരിതാശ്വാസ സഹായം | 25000 | | 25000 | 25000 | |
| കോർപ്പസ് ഫണ്ട് - ഐ.റ്റി.ഡി.പി. | 1077000 | | 1077000 | 1077000 | |
| ലൈഫ് സ്റ്റേറ്റ് ഷെയർ | 1084055 | 3210778 | 4294833 | 4243130 | 51703 |

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 236 | 113681895 | 169 | 44937904 | - | 67 | 71.61 |

നിർവ്വഹണ ഉദ്യോഗസ്ഥർ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയവ എണ്ണം | അടങ്കൽ | ചെലവ് | നടപ്പിലാക്കാത്ത പദ്ധതികൾ | ശതമാനം |
|---|---|---|---|---|---|---|
| 1.സെക്രട്ടറി | 38 | 27 | 6962055 | 3801394 | 11 | 54.60 |
| 2.അസി.എൻജി | 114 | 71 | 27218510 | 11167849 | 43 | 41 |
| 3.വെറ്ററിനറി സർജൻ | 8 | 7 | 7012660 | 3015160 | 1 | 42.99 |
| 4.കൃഷി ഓഫീസർ | 9 | 6 | 816298 | 347521 | 3 | 42.62 |
| 5. ഐ സി ഡി എസ് | 14 | 14 | 3881047 | 3119954 | 0 | 80.38 |
| 6. എം.ഒ സിഎച്ച് സി | 8 | 8 | 1536025 | 1465715 | 0 | 95.42 |
| 7. വി.ഇ.ഒ | 24 | 20 | 60483217 | 18166236 | 4 | 12, 47 |
| 8.എം.ഒ ആയുർവ്വേദം | 5 | 5 | 924231 | 916024 | - | 99.11 |
| 9.ഹെഡ്മാസ്റ്റർ | 11 | 7 | 2871152 | 2240469 | 4 | 78.03 |
| 10.ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 1 | 1748000 | 468966 | 1 | 26.82 |
| 11.എം.ഒ ഹോമിയോ | 3 | 3 | 228700 | 228616 | - | 99.96 |
| ആകെ | 236 | 169 | 113681895 | 44937904 | 67 | 71.61 |

1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 103094 | 4862429 | 4965523 | 4957992 | 7531 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 28173126 | 28173126 | 28173126 | 0 |

1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 82440 | 49 |
| കർഷകതൊഴിലാളി പെൻഷൻ | 819000 | 131 |
| വിധവാപെൻഷൻ | 3617400 | 614 |
| വാർദ്ധക്യകാലപെൻഷൻ | 11510700 | 2013 |
| വികലാംഗപെൻഷൻ | 1602100 | 278 |
| അവിവാഹിതർക്കുള്ള പെൻഷൻ | 288600 | 52 |

## 1-7-1 പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം

ഗ്രാമപഞ്ചായത്തിൽ സ്വീകരിക്കുന്ന വിവിധ സാമൂഹ്യക്ഷേമ പെൻഷൻ അപേക്ഷകൾ അന്വേഷണ ഉദ്യോഗസ്ഥർക്കു യഥാസമയം കൈമാറി അവരുടെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ച് തീർപ്പു കല്പിക്കേണ്ടതാണ്. ഇത്തരത്തിൽ ലഭിക്കുന്ന ഓരോ അപേക്ഷയും തീർപ്പാക്കുന്നതിന് വിവിധ സാമൂഹ്യ സുരക്ഷാ പെൻഷൻ ചട്ടങ്ങൾ പ്രകാരം സർക്കാർ സമയപരിധി നിശ്ചയിച്ചിട്ടുണ്ട്.

സമയപരിധി കേവലം ഒന്നര മാസം മുതൽ രണ്ടു മാസം വരെയായിരിക്കെ അപേക്ഷകളിൽ തീരുമാനമെടുക്കാൻ കാലതാമസമുണ്ടാകുന്നതായി രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ വെളിവാക്കുന്നു. പല അപേക്ഷകളും അന്വേഷണ ഉദ്യോഗസ്ഥന് കൈമാറിയതു വരെയുള്ള വിവരങ്ങൾ മാത്രമാണ് രജിസ്റ്ററിലുള്ളത്. സമൂഹത്തിൽ ഏറ്റവും പാർശ്വവത്ക്കരിക്കപ്പെട്ടവരും സാമ്പത്തികപരവും ആരോഗ്യപരവുമായി ഏറെ പിന്നിൽ നിൽക്കുന്നവരുമായ ജനവിഭാഗത്തിന് ഒരു കൈത്താങ്ങ് എന്ന നിലയിൽ സർക്കാർ അവതരിപ്പിച്ചിട്ടുള്ള സാമൂഹ്യ സുരക്ഷാ പെൻഷനുകൾ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് അർഹമായ കൈകളിലേക്ക് താമസംവിനാ എത്തിക്കേണ്ടതാണ്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ് ബുക്കിൽ അന്വേഷണ റിപ്പോർട്ട് ലഭിച്ച വിവിധ പെൻഷൻ അപേക്ഷകൾ തീർപ്പാക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സമർപ്പിക്കപ്പെട്ട മുഴുവൻ അപേക്ഷകളും യഥാവിധി തീർപ്പാക്കിയെന്ന് ഉറപ്പു വരുത്തിയിട്ടില്ല. ഭരണസമിതി, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, അന്വേഷണ ഉദ്യോഗസ്ഥർ എന്നിവരുടെ സത്വര ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.07.2021 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2048/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഓഫീസ് ഉത്തരവു മുഖേന ജീവനക്കാർക്ക് ജോലി വിഭജിച്ചു നൽകിയിട്ടുണ്ട്. കൃത്യമായ ഇടവേളകളിൽ ജോലി വിലയിരുത്തി മേൽനോട്ട ചുമതലയുള്ളവർ മോണിറ്ററിംഗ് നടത്തേണ്ടതാണ്. ആസ്തികളുടെയും സ്റ്റോറുകളുടെയും വാർഷിക ഭൗതിക പരിശോധനയും നടത്തി വരുന്നില്ല. ബജറ്റ് കുറ്റമറ്റതായും വസ്തുനിഷ്ഠവുമായും തയ്യാറാക്കുന്നതിൽ വിവിധ സ്റ്റാന്റിംഗ് കമ്മറ്റികളും

നിർവ്വഹണ ഉദ്യോഗസ്ഥരും ഭരണസമിതിയും ജാഗ്രത പുലർത്തേണ്ടതാണ്. വാർഷിക പദ്ധതി ബജറ്റുമായി സംയോജിപ്പിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണം നടത്തുവാൻ പ്രൊക്യൂർമെന്റ് കമ്മിറ്റി ശ്രദ്ധിക്കണ്ടതാണ്.

സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള വിവിധ മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിലും പദ്ധതി പുരോഗതി വിലയിരുത്തി അനുവദിച്ച പദ്ധതിപ്പണം സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുവാനും സ്റ്റാന്റിംഗ് കമ്മറ്റികൾക്ക് സാധിച്ചിട്ടില്ല.

പ്രതിമാസ വരവ്-ചെലവു കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടൊയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതുണ്ട്.

<u>1-10 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.07.2021 മുതൽ 23.07.2021 വരെ | 01.01.2020മുതൽ 30.06.2021വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.08.2012 | 2007-08 മുതൽ 2011-12 വരെ | വിവരം ലഭ്യമല്ല |

<u>1-11 വാർഷിക കണക്കുകളിലെ അപാകതകൾ</u>

ഗ്രാമപഞ്ചായത്തിന്റെ 2019-20 ലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു

1. വസ്തുനികുതി സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള വരവ്, കുടിശിക തുകകളുമായി വാർഷിക കണക്കുകളിലെ തുകകൾ പൊരുത്തപ്പെടുന്നില്ല.

2. തൻവർഷ കടിശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ തൻവർഷത്തേയ്ക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

3. ആസ്തി രജിസ്റ്റർ പൂർണ്ണമല്ലാത്തതിനാൽ വാർഷികകണക്കുകളിലെ ആസ്തികളുടെ കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.

4. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ ആസ്തികൾക്ക് തൻവർഷത്തേക്കുള്ള ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ടങ്കിലും തുക കണക്കാക്കിയതിനുള്ള വർക്ക്ഷീറ്റ് ഓഡിറ്റിനു ലഭ്യമാക്കിയിട്ടില്ല.

5. B.5, B.16 എന്നീ ഷെഡ്യൂളിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

<u>1-12 ഈ-ടെൻഡർ ഫോം വില, നിരതദ്രവ്യം എന്നിവ ഗ്രാമപഞ്ചായത്തിന് കൈമാറി ലഭിച്ചിട്ടില്ല</u>

അഞ്ചു ലക്ഷം രൂപയിലധികം അടങ്കലുള്ള കരാർ പ്രവൃത്തികൾ ഈ-ടെൻഡർ നടപടിക്രമങ്ങൾ പാലിച്ചാണ് നടപ്പാക്കേണ്ടതെന്ന് ധനകാര്യ വകുപ്പിന്റെ 30.4.2015-ലെ ജി.ഒ(പി) 1288/15 നമ്പർ ഉത്തരവിലൂടെ സർക്കാർ വ്യക്തമാക്കിയിരുന്നു. ഇതനുസരിച്ച് നടപ്പിലാക്കുന്ന മരാമത്ത് പ്രോജക്ടുകളുടെ ടെണ്ടർ ഫോം വിലയും നിരതദ്രവ്യവും

ഓൺലൈൻ പേയ്മെന്റ് സംവിധാനത്തിലൂടെ ജില്ലാപഞ്ചായത്തിലെ മരാമത്ത് വിഭാഗം എക്സിക്യൂട്ടീവ് എൻജിനിയറുടെ അക്കൗണ്ടിലേക്കാണ് ഒടുക്കുന്നത്. ഗ്രാമപഞ്ചായത്ത് 2019-20 സാമ്പത്തിക വർഷം ഈ-ടെൻഡർ നടപടികളിലൂടെ 08 പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ടെങ്കിലും പ്രസ്തുത തുകകൾ ( ടെൻഡർ ഫോം വില + ടെൻഡർ വിജയിയായ കരാറുകാരന്റെ മാത്രം നിരതദ്രവ്യം) ഗ്രാമപഞ്ചായത്തിന് നാളിതുവരെ കൈമാറി ലഭിച്ചിട്ടില്ല. വിവിധ കരാറുകാർ ഈയിനങ്ങളിൽ ഒടുക്കിയ തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സാമ്പത്തികവർഷം | പ്രവൃത്തികളുടെ എണ്ണം | ഫോം വില |
|---|---|---|
| 2019-20 | 08 | 13790 |

ഗ്രാമപഞ്ചായത്തിന് അർഹതപ്പെട്ട പ്രസ്തുത തുക ലഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

1-13 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-ജീവനക്കാർക്ക് തനത് ഫണ്ടിൽ നിന്നും നൽകിയ തുക ക്രമീകരിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ പ്രവർത്തിക്കുന്ന ജീവനക്കാർക്ക് ഫണ്ടിന്റെ അപര്യാപ്തതമൂലം ശമ്പളം നൽകുവാൻ സാധിക്കാത്ത സാഹചര്യങ്ങളിൽ ഗ്രാമപഞ്ചായത്തുകളുടെ ലഭ്യമായ തനത്/ ജനറൽ പർപ്പസ് ഫണ്ടിൽ നിന്ന് തുക ചെലവഴിക്കുന്നതിനും കേന്ദ്ര ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് അക്കൗണ്ടിലേക്ക് തുക ക്രമീകരിക്കുന്നതിനും തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 01.02.2016 ലെ സർക്കാർ ഉത്തരവ് (സാധാ.) 409/16 പ്രകാരം അനുമതി നൽകിയിട്ടുള്ളത്. എന്നാൽ ഈയിനത്തിൽ മുൻകൂർ ആയി തൊഴിലുറപ്പ് പദ്ധതി വിഭാഗത്തിന് നൽകിയ ₹845111/- നാളിതുവരെ ക്രമീകരിച്ചിട്ടില്ല. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് തുക പഞ്ചായത്ത് ഫണ്ടിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

1-14 എച്ച്.എം.സി. - വാർഷിക കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 166(1) പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ സർക്കാർ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ നടത്തിപ്പ് ചുമതല ഗ്രാമപഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽപെട്ടതാണ്. വകുപ്പ് 173(എ), 2010 ലെ കേരള പഞ്ചായത്ത് രാജ് (പൊതു ജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങളിലെ, ചട്ടം.3(1) പ്രകാരം കൈമാറിയിട്ടുള്ള പൊതു ആരോഗ്യ സ്ഥാപനങ്ങളിൽ ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി എന്നിവർ ഉൾപ്പടെ 15 അംഗങ്ങളിൽ കൂടാതെയുള്ള ഒരു മാനേജിംഗ് കമ്മിറ്റി നിർണ്ണയിക്കപ്പെട്ട പ്രകാരം രൂപീകരിക്കേണ്ടതാണ്.

ചട്ടം 9(1) പ്രകാരം പൊതുജനാരോഗ്യ സ്ഥാപനത്തെ സംബന്ധിച്ച ആശുപത്രി വികസന ഫണ്ട് ഓഡിറ്റ് നടത്തേണ്ടത് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പാണ്. 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 9(1) പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ച ശേഷം 4 മാസത്തിനകം വാർഷിക കണക്കുകൾ ഓഡിറ്റിനായി സമർപ്പിക്കേണ്ടതാണ് (ജൂലായ് 31 നകം). എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കൈമാറിയിട്ടുള്ള ആശുപത്രികളിൽ (അലോപ്പതി, ഹോമിയോ, ആയുർവ്വേദം) മാനേജിംഗ് കമ്മിറ്റികൾ വാർഷിക കണക്കുകൾ ഓഡിറ്റിൽ പരിശോധനക്കായി സമർപ്പിച്ചിട്ടില്ല. പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 182(Xv) പ്രകാരം പഞ്ചായത്തിന്റെ നിയന്ത്രണത്തിനു കീഴിലുള്ള സ്ഥാപനങ്ങളുടെ അക്കൗണ്ടുകൾ പരിശോധിക്കുകയോ, പരിശോധിപ്പിക്കുകയോ ചെയ്യേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്. മേൽ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. എച്ച്.എം.സി. വാർഷിക കണക്കുകൾ ഓഡിറ്റ് പരിശോധനക്കായി സമർപ്പിക്കുവാനാവശ്യമായ നിർദ്ദേശം നൽകേണ്ടതാണ്.

1-15 മോണിട്ടറിംഗ് സമിതികൾ നിർജ്ജീവം

പഞ്ചായത്ത് വർക്കിംഗ് ഗ്രൂപ്പുകളുടെ സഹായത്തോടെ ആവിഷ്കരിച്ച് ആസൂത്രണ സമിതിയുടെ അംഗീകാരം നേടി ഏറ്റെടുക്കുന്ന

പദ്ധതികൾ, തദ്ദേശ സ്ഥാപനങ്ങളിലെയും അവയ്ക്ക് കൈമാറിക്കിട്ടിയ വിവിധ സ്ഥാപനങ്ങളിലെയും ഉദ്യോഗസ്ഥർ മുഖേനയാണ് നടപ്പാക്കുന്നത്. മേഖല അടിസ്ഥാനത്തിൽ അതതു മേഖലയിലെ വർക്കിംഗ് ഗ്രൂപ്പാണ് പദ്ധതി നിർവ്വഹണ ഘട്ടങ്ങളിലെ മോണിട്ടറിംഗ് നടത്തേണ്ടത്. മോണിട്ടറിംഗ് നടത്തേണ്ട വർക്കിംഗ് ഗ്രൂപ്പ് ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കുന്ന പ്രോജക്ട് പ്രൊഫോർമയിൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പദ്ധതികളിൽ മോണിട്ടറിംഗ് നടത്തേണ്ട വർക്കിംഗ് ഗ്രൂപ്പ് മോണിട്ടറിംഗ് നടത്തി റിപ്പോർട്ട് നൽകിയിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പിന്റെ അദ്ധ്യക്ഷൻ ജനപ്രതിനിധിയും കൺവീനർ ബന്ധപ്പെട്ട മേഖലയിലെ സീനിയർ ഉദ്യോഗസ്ഥനുമായിരിക്കേണ്ടതാണ്.

ജനകീയ സമിതിയായ വർക്കിംഗ് ഗ്രൂപ്പിന്റെ മോണിട്ടറിംഗ് റിപ്പോർട്ട് ലഭ്യമാക്കാതിരിക്കുന്നത് ജനകീയാസൂത്രണ പദ്ധതി നിർവ്വഹണത്തിന്റെ സുതാര്യതയെയും അന്തസത്തയേയും ചോദ്യം ചെയ്യുന്നതാണ്. ആകയാൽ മോണിട്ടറിംഗ് സമിതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-16 വാർഷിക പ്രൊക്യുയർമെന്റ് പ്ലാനിംഗ് നടത്തിയില്ല

സർക്കാർ ഉത്തരവ് ജി.ഒ. (പി)259/2010/എൽ.എസ്.ജി.ഡി തിയതി 08.10.2010 പ്രകാരം സാധനസാമഗ്രികളും സേവനങ്ങളും തദ്ദേശസ്ഥാപനങ്ങൾ സമാഹരിക്കുന്നതിന്റെ പ്രഥമ നടപടിയായി ഓരോ തദ്ദേശസ്ഥാപനവും അതിന്റെ അനുബന്ധസ്ഥാപനങ്ങളും ഒരു സാമ്പത്തിക വർഷം സമാഹരിക്കുവാൻ ഉദ്ദേശിക്കുന്ന മൊത്തം സാധനസാമഗ്രികളുടെയും സേവനങ്ങളുടെയും വാർഷിക പ്രൊക്യുയർമെന്റ് പ്ലാനിംഗ് സാമ്പത്തിക വർഷാരംഭത്തിന് മുമ്പായി പ്രൊക്യുയർമെന്റ് കമ്മിറ്റി രൂപീകരിച്ച് തയ്യാറാക്കേണ്ടതാണ്. അപ്രകാരം ചെയ്യുമ്പോൾ സമാഹരിക്കുന്നതിന് ഉദ്ദേശിക്കുന്ന സാധന സാമഗ്രികളുടെയും സേവനങ്ങളുടെയും ആവശ്യകതയും പ്രായേഗികതയും ഉപയോഗ തുടർച്ചയും മുൻഗണനയും കാര്യക്ഷമതയും പൂർണ്ണമായി ഉറപ്പാക്കുകയും ചെയ്യേണ്ടതാകുന്നു എന്ന് ഉത്തരവ് നിഷ്കർഷിക്കുന്നു. എന്നാൽ രേഖകൾ പരിശോധിച്ചതിൽ പഞ്ചായത്തും അതിന്റെ അനുബന്ധ സ്ഥാപനങ്ങളും സമാഹരിക്കുവാൻ മൊത്തം സാധനസാമഗ്രികളുടെയും സേവനങ്ങളുടെയും വാർഷിക പ്രൊക്യുയർമെന്റ് പ്ലാൻ തൻ വർഷം തയ്യാറാക്കിയിട്ടില്ല. ആയത് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-17 രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

താഴെപറയുന്ന രജിസ്റ്ററുകൾ എഴുതി പൂർത്തീകരിച്ചിട്ടില്ല.വിശദാംശം ചുവടെചേർക്കുന്നു

1-17-1 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ, മറ്റ് സ്ഥാപനങ്ങൾ, വകുപ്പുകൾ തുടങ്ങിയവ നൽകുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരപ്പ്, മിച്ചം വന്ന തുകയുടെ തിരിച്ചടവ് തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല. വിവിധ ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ രേഖപ്പെടുത്താത്തതിനാൽ വാർഷിക കണക്കുകളിൽ കൊടുത്തിരിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കുന്നതിന് സാധിക്കുന്നില്ല.

1-17-2 മുൻകൂർ രജിസ്റ്റർ

മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള ഓണം മുൻകൂർ വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വാർഷിക കണക്കുകൾ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർക്കുള്ള മുൻകൂർ, മറ്റുള്ളവർക്കുള്ള മുൻകൂർ എന്നിവയിൽ മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ, രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

1-17-3 സ്റ്റോക്ക് രജിസ്റ്റർ

വാങ്ങുന്ന സ്റ്റോക്കുകളുടെ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ബിൽ/വൗച്ചർ വിവരങ്ങൾ, പർച്ചേസ് ബിൽ വിവരങ്ങൾ, സ്പെസിഫിക്കേഷൻ വാറണ്ടി സ്റ്റോക്കിന്റെ മൂല്യം തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. സാമ്പത്തിക വർഷാവസാനം സ്റ്റോക്കുകളുടെ ഭൗതിക പരിശോധന നടത്തി പരിശോധന റിപ്പോർട്ട് രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

1-17-4 സ്യൂട്ട് രജിസ്റ്റർ

സ്യൂട്ട് രജിസ്റ്റർ പരിപാലിക്കുന്നുണ്ടെങ്കിലും എല്ലാ കോളത്തിലും ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തുന്നില്ല. അതിനാൽ, കേസുകളുടെ തൽസ്ഥിതി സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ നിന്നും വ്യക്തമായി അറിയുന്നതിന് സാധിക്കുന്നില്ല.

1-17-5 ഓഡിറ്റ് റിക്കവറി രജിസ്റ്റർ

ഓഡിറ്റ് റിക്കവറി രജിസ്റ്ററിൽ വിവിധ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലെ ഖണ്ഡികകളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ഖണ്ഡികകളിൽ പരാമർശിച്ചിട്ടുള്ള നഷ്ടോത്തരവാദിത്വം സംബന്ധിച്ച വിവരങ്ങൾ, തുക തിരികെ ഒടുക്കിയിട്ടുള്ളതിന്റെ വിവരങ്ങൾ എന്നിവ ചേർത്ത് അപ്ഡേറ്റ് ചെയ്തിട്ടില്ല. അതിനാൽ, തുക ഒടുക്കിയിട്ടുള്ള സംഗതികളിലും രജിസ്റ്റർ പ്രകാരം ബാദ്ധ്യത നിലനിൽക്കുന്നു. 2019-20 ൽ വിവിധ ഓഡിറ്റ് വർഷങ്ങളിൽ നഷ്ടം നിജപ്പെടുത്തിയ ₹7050/- (ഖണ്ഡിക 4-7 കാണുക) വിവിധ നഷ്ടോത്തരവാദികൾ തിരികെ ഒടുക്കിയിട്ടുണ്ട്. എന്നാൽ, വിവരം ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

1-17-6 ഡെപ്പോസിറ്റ് രജിസ്റ്റർ

ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല. ഡെപ്പോസിറ്റുകളുടെ റീഫണ്ട് വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി അധികൃതമാക്കിയിട്ടില്ല. എല്ലാ കോളത്തിലും ആവശ്യമായ രേഖപ്പെടുത്തൽ നടത്തിയിട്ടില്ല.

1-18 ദുരിതാശ്വാസ നിധി പ്രവർത്തനം കാര്യക്ഷമമല്ല

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം പ്രകൃതിക്ഷോഭം, അത്യാഹിതം, മാറാരോഗങ്ങൾ, പേമാരി, വെള്ളപ്പൊക്കം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം എന്നിവ മൂലം ദുരിതമനുഭവിക്കുന്ന പഞ്ചായത്തു നിവാസികളുടെ ദുരിതനിവാരണാർത്ഥം അടിയന്തിര ധനസഹായം നല്കുന്നതിനുദ്ദേശിച്ച് വേറിട്ട് രൂപീകരിക്കുന്ന ഒരു അക്കൗണ്ടാണ് ദുരിതാശ്വാസ നിധി. എന്നാൽ ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വസനിധി 2003-ൽ രൂപീകരിച്ചിട്ടുണ്ടെങ്കിലും കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് 19.12.2019- ൽ കമ്മിറ്റി തീരുമാനം എടുത്തിട്ടുണ്ടെങ്കിലും നാളിതുവരെയും നടപടി എടുത്തിട്ടില്ല. തൻ വർഷം 5000/- രൂപ മാത്രമാണ് വരവ് ഉള്ളത്. പ്രസ്തുത ഉദ്ദേശ്യം മുൻ നിർത്തി ചട്ടം 3(2) പ്രകാരം കായിക-വിനോദ പരിപാടികൾ സംഘടിപ്പിച്ച് സംഭാവനകൾ സ്വീകരിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1-19 ഗ്രാമസഭ

പ്രാദേശിക ആസൂത്രണത്തിന്റെ ജീവനാഡി എന്നത് ജനപങ്കാളിത്തമാണ്. ആസൂത്രണത്തിൽ നിർണ്ണായകമായ പങ്ക് വഹിക്കാൻ ജനങ്ങൾക്ക് എത്രമാത്രം അവസരമുണ്ടാവുന്നോ അത്രമാത്രം നല്ലത്. പ്രവാസി മലയാളികൾ ഉൾപ്പെടെ പൊതുജനങ്ങളുടെ അഭിപ്രായം സ്വീകരിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ഗ്രാമസഭാ വിൻഡോസൗകര്യം ലഭ്യമാക്കേണ്ടതാണ്. അതിൽനിന്നും ലഭിക്കുന്ന നിർദ്ദേശങ്ങൾക്ക് ഗ്രാമപഞ്ചായത്ത് അർഹായ പരിഗണന നൽകേണ്ടതാണ്.

സ്റ്റാൻഡിംഗ് കമ്മിറ്റികൾ ചേരുമ്പോൾ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ച് പ്രോജക്ടുകളുടെ പുരോഗതി വിലയിരുത്തേണ്ടതാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ വസ്തുനികുതി പിരിവിലെ പുരോഗതി സംബന്ധിച്ചും ഓഡിറ്റ്

ഒബ്ജക്ഷൻ ഒഴിവാക്കുന്നതിന് സ്വീകരിക്കേണ്ട നടപടികളെക്കുറിച്ചും ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങളെക്കുറിച്ചും ചർച്ച ചെയ്യുന്നില്ല. വാർഷിക പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ കാര്യക്ഷമമായ മോണിട്ടറിംഗ് സംവിധാനം നടപ്പിലാക്കുന്നില്ല.പഞ്ചായത്തിൽ 14 വിവിധ വർക്കിംഗ് ഗ്രൂപ്പുകൾക്ക് രൂപം നല്കിയിട്ടുണ്ടെങ്കിലും അവയൊന്നും തന്നെ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും പദ്ധതി രൂപീകരണ പ്രക്രിയയിൽ നവ മാദ്ധ്യമങ്ങളുടെ സാധ്യത പ്രയോജനപ്പെടുത്തുന്നതിനും ശ്രമിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷൻ കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2019-2020 | ഓഡിറ്റിനോടൊപ്പം പരിശോധിച്ചു | |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | മുന്നിരിപ്പ് (2018-19) | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 49956 | 2019-20 | 1585054 | ലൈഫ് ഭവന പദ്ധതി (ജനറൽ) | 120000 | 1515010 |
| ബ്ലോക്ക് പഞ്ചായത്ത് | (2017-18) 10788 | 2019-20 | 0 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 0 | 10788 |
| ബ്ലോക്ക് പഞ്ചായത്ത് | 0 | 2019-20 | 91000 | ലൈഫ് ഭവന പദ്ധതി (ജനറൽ) | 91000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 128382 | 2019-20 | 957618 | ലൈഫ് ഭവന പദ്ധതി (എസ്.സി.പി) | 480000 | 600000 |
| ബ്ലോക്ക് പഞ്ചായത്ത് | 653182 | 2019-20 | 1572800 | ലൈഫ് ഭവന പദ്ധതി (റ്റി.എസ്.പി) | 1826364 | 399618 |
| ബ്ലോക്ക് പഞ്ചായത്ത് | 8500 | 2019-2020 | 270342 | (പ്രതീക്ഷ ) ഭിന്നശേഷി ക്കാർക്ക് സ്കോളർഷിപ്പ് | 129600 | 149242 |
| ജില്ലാ പഞ്ചായത്ത് | 49956 | 2018-2019 | 708 | ലൈഫ് ഭവന പദ്ധതി (ജനറൽ) | 24378 | 26286 |

### 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ | പ്രവൃത്തിയുടെ | വൗച്ചർ നമ്പർ/ | മുൻകൂർ | ചെലവഴിച്ച | ചെലവഴിക്കാൻ |
|---|---|---|---|---|---|

| ഏജൻസി | പേര് | ചെക്ക് നം. | നൽകിയ തുക | തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഭൂജലവകുപ്പ് | പൂച്ചപ്ര ഗവ.ട്രൈബൽ സ്കൂളിന് കുഴൽ കിണർ നിർമ്മാണം | 32823/03/01/2020 | 46030 | 46030 | 0 |
| ഭൂജലവകുപ്പ് | വാർഡ് ലത്തീൻപള്ളി കുഴൽ കിണർ നിർമ്മാണം | 90694/20/08/2019 | 49530 | 49530 | 0 |
| ഭൂജലവകുപ്പ് | കൊന്താലപള്ളി അംഗൻവാടിക്ക് കുഴൽ കിണർ നിർമ്മാണം | 75342/03/01/2020 | 49710 | 49710 | 0 |
| കെ.എസ്.ഇ.ബി | വെട്ടിമറ്റം ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ് | 75778/ 12.03.2020 | 42272 | 42272 | 0 |

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ ₹4640000/- വരവുണ്ട്. മുൻബാക്കി ഇല്ല. മേൽ സൂചിത തുക പൂർണമായി വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻവർഷ വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ജവഹർ ഭവന പദ്ധതി | ജി.ഒ.(എം.എസ്) 1577/15 തസ്വഭവ തി/27.05.2015 | 0 | 12790000 | 582135 | 6124438 | 12207865 |
| ലൈഫ് ഭവന പദ്ധതി | ജി.ഒ (എം.എസ്) നം. 68/2018/ തസ്വഭ/ തി.18.08.2018 | 4640000 | 3690930 | 500000 | 0 | 7830930 |

4-6 സ്ഥിര നിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 7050/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ ഡി.ഡി നമ്പർ തീയതി |
|---|---|---|---|---|
| 2017-2018 | 3-3 | 470 | ലളിതമ്മ വിശ്വനാഥൻ, മെമ്പർ | 119010100219/ 18.06.2019 |
| 2017-2018 | 3-3 | 470 | വി.ജി മോഹനൻ, മെമ്പർ | 119010100220/ 18.06.2019 |
| 2017-2018 | 3-3 | 470 | രാഘവൻ കണ്ട, മെമ്പർ | 119010100223/ 18.06.2019 |
| 2017-2018 | 3-3 | 470 | ഷീബ രാജശേഖരൻ, മെമ്പർ | 119010100224/ 18.06.2019 |
| 2017-2018 | 3-3 | 470 | ലാലി ജോബി,മെമ്പർ | 119010100255/ 25.06.2019 |
| 2017-2018 | 3-3 | 470 | ടെസ്സി മോൾ മാത്യു, മെമ്പർ | 119010100288/ 29.06.2019 |

| | | | | |
|---|---|---|---|---|
| 2017-2018 | 3-3 | 470 | അഞ്ജു സി.ജി, മെമ്പർ | 119010100290/ 29.06.2019 |
| 2017-2018 | 3-3 | 470 | ഷാമിന അബ്ദുൾ കരിം, മെമ്പർ | 119010100291/ 29.06.2019 |
| 2017-2018 | 3-3 | 470 | തങ്കമ്മ രാമൻ, മെമ്പർ | 119010100295/ 29.06.2019 |
| 2017-2018 | 3-3 | 470 | പ്രമോദ് എസ്, മെമ്പർ | 119010100296/ 29.06.2019 |
| 2017-2018 | 3-3 | 470 | സുധാ ജോണി, മെമ്പർ | 119010100297/ 29.06.2019 |
| 2017-2018 | 3-3 | 470 | അനൂപ് കുമാർ എ.കെ, മെമ്പർ | 119010100311/ 01.072019 |
| 2017-2018 | 3-3 | 470 | അക്കാമ്മ മാത്യു, മെമ്പർ | 119010100312/ 01.07.2019 |
| 2017-2018 | 3-3 | 470 | രാജു കുട്ടപ്പൻ, മെമ്പർ | 119010100395/ 16.07.2019 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23, വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 19 | 1999-2000 | | അലോട്ട്മെന്റ് തുക നഷ്ടപ്പെടുത്തി | തീർപ്പായിട്ടില്ല |
| 1997-98 | 28 | 1999-2000 | | സാധന സാമഗ്രികളുടെ വില അധികം നൽകി | തീർപ്പായിട്ടില്ല |
| 1998-99 | 3-24 | 2000-01 | | അനുവദനീയമല്ലാത്ത ഹിൽടാക്ക് അലവൻസ് നൽകിയത് | തീർപ്പായിട്ടില്ല |
| 1999-2000 | 3-29 | 2001-02 | | മണൽവാരൽ അവകാശം ലേല തുകയിൽ ഇളവ് നൽകിയത് ക്രമവിരുദ്ധം | തീർപ്പായിട്ടില്ല |
| 2004-05 | 3-7 | 2006-07 | 3, 35(2) | ഓഡിറ്റ് സമയത്ത് വൗച്ചറുകൾ, ഫയലുകൾ, കൈപ്പറ്റ് രസീതുകൾ ഹാജരാക്കിയില്ല | തീർപ്പായിട്ടില്ല |
| 2004-05 | 3-3 | 2006-07 | 3, 35(2) | വിവിധ കാരണങ്ങളാൽ ചെലവ് തടസ്സം | തീർപ്പായിട്ടില്ല |
| 2005-06 | 2-3 | 2009-10 | 2-6 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തികൾ വാടകയ്ക്ക് എടുക്കുന്നവരുമായി കരാർ ചമയ്ക്കാത്തത് (വെള്ളിയാമറ്റം പഞ്ചായത്ത് വക കടമുറികൾ) | തീർപ്പായിട്ടില്ല |
| 2006-07 | 3-8 | 2010-11 | 2-14 | ഡെപ്പോസിറ്റ് വർക്കുകൾ പൂർത്തീകരിക്കുന്നതിലെ കാലതാമസം (കെ.എസ്.ഇ.ബി. ₹5,67,425/-) | തീർപ്പായിട്ടില്ല |
| പ്രത്യേക റിപ്പോർട്ട് പ്രവർത്തന ക്ഷമത റിപ്പോർട്ടുകൾ | | 2013-14 | 5.1.5 (8) | 2004-05ൽ ₹2,03,922/- ചെലവഴിച്ച് വിവിധ സ്ഥാപനങ്ങളിലായി സ്ഥാപിച്ച മഴവെള്ള സംഭരണികൾ പ്രവർത്തനക്ഷമമല്ല | തീർപ്പായിട്ടില്ല |
| പ്രത്യേക റിപ്പോർട്ട് പ്രവർത്തന | | 2013-14 | 5.1.5 (11) | 1. ഇറുക്കപാലം കുടിവെള്ള പദ്ധതിയുടെ മോട്ടോർ പ്രവർത്തിക്കുന്നില്ല. കടുവാക്കയം കുടിവെള്ള | തീർപ്പായിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| ക്ഷമത റിപ്പോർട്ടുകൾ | | | | പദ്ധതി ജലലഭ്യത കുറവായതിനാൽ 2001-02 മുതൽ പ്രവർത്തിക്കുന്നില്ല. 2001-02ൽ പൂർത്തീകരിച്ച കൈക്കമല പദ്ധതി പ്രവർത്തനരഹിതമാണ്<br>2. കൂവക്കണ്ടം-അറുത്തടി പാലം കുടിവെള്ള പദ്ധതിയും ഓന്തുപാറ – ഊഞ്ഞാൽപടി പദ്ധതിയും പൂർത്തിയായിട്ടില്ല<br>3. മുത്തോട്-പതിക്കമല കുടിവെള്ള കിണർപൂർത്തിയായിട്ടില്ല | |
| പ്രത്യേക റിപ്പോർട്ട് പ്രവർത്തന ക്ഷമത റിപ്പോർട്ടുകൾ | | 2013-14 | 5.1.5 (2) | വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല | തീർപ്പായിട്ടില്ല |
| പ്രത്യേക റിപ്പോർട്ട് പ്രവർത്തന ക്ഷമത റിപ്പോർട്ടുകൾ | | 2013-14 | 5.1.5 (13) | കുടിവെള്ള പദ്ധതികളുടെ ചുമതല കരാർ ചമച്ച് കമ്മറ്റികൾക്ക് കൈമാറിയിട്ടില്ല | തീർപ്പായിട്ടില്ല |
| വിഷയാധിഷ്ഠിത അവലോകനം | | 2017-18 | | ഡെപ്പോസിറ്റ് പ്രവൃത്തികൾ അനുബന്ധം – 5 | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

എ) ചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം കാണിക്കുന്ന പത്രിക

ഇല്ല

ബി) സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം കാണിക്കുന്ന പത്രിക

| വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണവകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക ₹ | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക ₹ | കോടതി വ്യവഹാരങ്ങൾ | | ആകെ ലഭിച്ച തുക ₹ | അവശേഷിക്കുന്ന തുക/ ബാദ്ധ്യത | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|
| | | | (രസീത് നം/ തീയതി) | തുക ₹ | | | | | | | |
| 2004-05 | 3-6 | ശ്രീ. ബിജു പി. മാത്യൂ, കൃഷി ഓഫീസർ | LF-14229/ Spl.Cell. Sc2/ 2007 Dated 28.03.2009 | 19536 | ₹19536/- രസീത് നം. 5/51083/ 03.06.10 | | | | | 19536 | 0 |
| 2004-05 | 3-6 | ശ്രീ. റോയി ഐസക്, അസി. എഞ്ചിനീയർ | LF-14229/ Spl.Cell. Sc2/ 2007 Dated 28.03.2009 | 5964 | രസീത് നം. 5/51083 / 3.6.2010 ₹5964/- | | | | | 5964 | 0 |
| 2008-09 | 3-4 | ശ്രീ. സജി തോമസ്, സെക്രട്ടറി | LF.23458/12 Dated 06.08.2014 | 24080 | | | | | | 24080 | |
| 2009-10 | 3-6 (1,2,3) (P) | ശ്രീ. കെ. രാമചന്ദ്രൻ നായർ, എഞ്ചിനീയർ | LF.22684/14 Dated 05.04.2014 | 53243 | | | | | | 53243 | |
| 2009-10 | 3-6(3) P | ശ്രീ. റോയി ഐസക്ക്, എഞ്ചിനീയർ | LF.22684/14 Dated 05.04.2014 | 13361 | | | | | | 13361 | |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 69744902 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 71606444 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ഇല്ല |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | ഇല്ല | | |
| | | | |
| | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | ഇല്ല | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| | ഇല്ല | |

4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കിയ ഖണ്ഡികകളുടെ എണ്ണം | അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|---|
| 1994-05<br>1995-96 | എൽ.എഫ്.ഐ.7-758/00/13.03.2001 | 14 | 13,14,15,16,17,18,19,20,<br>21,22,23,24,25,26 |
| 1996-97 | എൽ.എഫ്.ഐ.7-159/99/ 17.08.1999 | 8 | 32, 34, 36, 37, 38,<br>39(2), 39(3), 39(4) |
| 1997-98 | എൽ.എഫ്.ഐ.7-113/01/05.02.2001 | 2 | 19, 28 |
| 1998-99 | എൽ.എഫ്.ഐ.7-302/00/10.06.2002 | 14 | 20(1), 20(2), 2(എ), 2(ബി),<br>2(സി),<br>22,23,24,25,26,27,28,29,30 |
| 1999-00 | എൽ.എഫ്.ഐ.7-130/01/08.10.2007 | 13 | 23,24,25,26,27,28,<br>29,30,31,32,33,34,35 |
| 2000-01 | കെ.എസ്.എ.-ഐ.ഡി.കെ.-10/746/<br>08/06.06.2018 | 1 | 36 |
| 2004-05 | കെ.എസ്.എ.-ഐ.ഡി.കെ.-10/746/<br>08/06.06.2018 | 2 | 3-3, 3-7 |
| 2005-06 | കെ.എസ്.എ.ഐ.ഡി.കെ-10/746/ | 1 | 2-3 |

| | | | |
|---|---|---|---|
| | 2018/06.06.2018 | | |
| 2006-07 | എൽ.എഫ്.ഐ.8-792/09/15.03.2010 | 13 | 2-1,2-2,2-3,2-4,3-1,3-2, 3-3,3-4,3-5, 3-6,3-7, 3-8,3-9,3-10,3-11, 3-12 3-13,3-14, 3-15 |
| 2007-08 | എൽ.എഫ്.ഐ.8-824/10/19.02.2010 | 19 | 2-1, 2-2, 3-1,3-2,3-3,3-4, 3-5, 3-6, 3-7,3-8,3-9,3-10,3-11, 3-12,3-13,3-14, 3-15 |
| 2008-09 | എൽ.എഫ്.ഐ.10-411(എ)/19.10.2011 | 12 | 2-1, 3-1,3-2,3-3,3-4,3-5, 3-6,3-7,3-8,3-9,3-10 |
| 2009-10 | എൽ.എഫ്.ഐ.10-411(ബി) 25.10.2011 | 19 | 2-1, 2-2, 3-1,3-2,3-3,3-4,3-5, 3-6,3-7,3-8,3-9,3-10,3-11,3-12, 3-13, 3-14,3-15,3-16, 3-17 |
| 2010-11 | എൽ.എഫ്.ഐ.10-624/13/ 26.08.2013/16.12.2013 | 16 | 2-1, 2-2, 2-3,3-1, 3-2, 3-3,3-4,3-5,3-6,3-7,3-8, 3-9,3-10,3-11,3-12, 3-13 |
| 2011-12 | എൽ.എഫ്.ഐ.10-56/14/ 30.04.2014/10.06.2014 | 11 | 2-1,3-1,3-2,3-3,3-4,3-5, 3-6,3-7,3-8,3-9,3-10 |
| 2012-13 | എൽ.എഫ്.ഐ.10-40/15/ 05.02.2015/09.04.2015 | 15 | 2-1,3-1,3-2,3-3,3-4, 3-5,3-6,3-7,3-8,3-9,3-10, 3-11,3-12,3-13, 3-14 |
| 2013-14 | കെ.എസ്.എ.ഐ.ഡി.കെ.-10/1257/ 2015/06.11.2015 | 9 | 2-1, 2-2,3-1,3-2,3-3, 3-4,3-5,3-6,3-7 |
| 2014-15 | കെ.എസ്.എ.ഐ.ഡി.കെ.10/583/ 2016/01.06.2015 | 10 | 2-1, 2-2,3-1,3-2,3-3, 3-4,3-5,3-6,3-7,3-8 |
| 2015-16 | കെ.എസ്.എ.ഐ.ഡി.കെ.10/67/ 2017/18.01.2017 | 14 | 2-2, 3-1,3-2,3-3,3-4, 3-5,3-6,3-7,3-8,3-9, 3-10,3-11,3-12,3-13 |
| 2016-17 | കെ.എസ്.എ.ഐ.ഡി.കെ.10/1434/ 2017/03.11.2017 | 16 | 2-1, 2-2, 2-4, 2-6 3-1,3-2,3-3,3-4, 3-5,3-6,3-7,3-8,3-9,3-10,3-11,3-12 |
| 2017-18 | കെ.എസ്.എ.ഐ.ഡി.കെ. 10/1252/2018/12.11.2018 | 20 | 2-2, 2-3,2-4,2-5 3-1,3-2,3-3,3-4, 3-5,3-6,3-7, 3-8,3-9,3-10,3-11, 3-12,3-14,3-15,3-16,3-17 |
| 2018-19 | കെ.എസ്.എ.ഐ.ഡി.കെ/10/938/2019 തീയതി. 11.12.2019 | 05 | 1-11, 1-12, 1-13, 1-14, 1-15, 1-16, 1-18, 1-19, 1-21, 1-22, 1-23, 1-25, 1-26, 1-27, 1-28, 1-31, 1-32, 1-33, 1-34, 1-35, 3-1 |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ വെള്ളിയാമറ്റം ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ വെള്ളിയാമറ്റം ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്